**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം 2026</u>**

**<u>2026 ലെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സ് പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.</u>**

2026-ലെ എഞ്ചിനീയറിംഗ് കോഴ്സുകളുടെ പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**17.04.2026 മുതൽ 22.04.2026** വരെ നടത്തിയ സംസ്ഥാന എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയിലെ നോർമലൈസ്ഡ് സ്കോർ **12.05.2026** ന് പ്രസിദ്ധീകരിച്ചിരുന്നു. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളോട് അവരുടെ രണ്ടാം വർഷ പ്ലസ് ടു/തത്തുല്യ പരീക്ഷയിലെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ബയോടെക്നോളജി/ബയോളജി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് ഓൺലൈനായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ **79784** വിദ്യാർത്ഥികളിൽ **65438** വിദ്യാർത്ഥികൾ അവരുടെ രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചു. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ നോർമലൈസ്ഡ് സ്കോറിനും, യോഗ്യതാ പരീക്ഷയിലെ നോർമലൈസ്ഡ് മാർക്കും 50:50 എന്ന അനുപാതത്തിൽ പരിഗണന നൽകിക്കൊണ്ടു **G.O.(Rt) No.1615/2025/HEDN Dated 26.12.2025** പ്രകാരമുള്ള Normalization പ്രക്രിയയിലൂടെയാണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഫാർമസി പ്രവേശന പരീക്ഷയ്ക്ക് **31141** വിദ്യാർത്ഥികൾ ഹാജരാകുകയും **26944** പേർ യോഗ്യത നേടുകയും ചെയ്തു. പ്രോസ്പെക്ടസ് clause **9.7.4 (f)** പ്രകാരമാണ് ഫാർമസി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

അപേക്ഷയിലെ അപാകതകൾ മൂലവും, ആവശ്യമായ രേഖകളുടെ അഭാവത്തിലും

എഞ്ചിനീയറിംഗ്, ഫാർമസി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും, ഫലം തടഞ്ഞു വയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിയ്ക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകളും, ഫാർമസി കോഴ്സ് വിദ്യർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2.4 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകളും നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കപ്പെട്ട യോഗ്യതാ പരീക്ഷയിലെ മാർക്ക് വിവരങ്ങളും പ്രവേശന സയമത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സമർപ്പിച്ച മാർക്കുകളിൽ എന്തെങ്കിലും തരത്തിലുള്ള വൈരുദ്ധ്യങ്ങൾ/അപാകതകൾ പ്രവേശന അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടാൽ, അപേക്ഷകന്റെ അപേക്ഷാർത്ഥിത്വം റദ്ദാക്കപ്പെടുന്നതാണ്. ആർക്കിടെക്ച്ചർ കോഴ്സിലേക്കുള്ള പ്രവേശനത്തിനായുള്ള റാങ്ക് ലിസ്ttum, ഈ റാങ്ക് ലിസ്റ്റുകളെ അടിസ്ഥാനമാക്കിയുള്ള കാറ്റഗറി/കമ്മ്യൂണിറ്റി തിരിച്ചുള്ള ലിസ്റ്റുകളും യഥാസമയം പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27-06-2026

Digitally signed by
AFSANA PERWEEN I A S
Date: 27-06-2026
16:07:37